(സി) ശ്രീമതി രമ്യാ മനോജിന്റെ വീട് പൊളിച്ചുമാറ്റുന്നതിന് മുൻപ് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എല്ലാം വകുപ്പ് പാലിച്ചിട്ടുണ്ട്. പ്രസ്തുത വീട് ഒഴിയുന്നതിനായി ശ്രീ. മനോജിന് 2-2-2015-ന് നോട്ടീസ് നൽകിയിരുന്നുവെങ്കിലും സ്ഥലം ഒഴിയുവാൻ കൂട്ടാക്കാത്തതിനെ തുടർന്ന് 21-2-2015-ന് പ്രസ്തുത സ്ഥലവും വീടും ഒഴിപ്പിച്ചെടുക്കുകയാണുണ്ടായത്.

വാച്ചർമാരുടെ സ്ഥിരപ്പെടുത്തൽ

202 (4537) ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പിൽ ഇരുപത് വർഷം പൂർത്തിയായ വാച്ചർമാരെ സ്ഥിരപ്പെടുത്തി 2015-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ സ്ഥിരപ്പെടുത്തുന്നതിന് 20 വർഷം എന്ന കാലയളവ് നിശ്ചയിച്ചത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ്;

(സി) മറ്റുവകുപ്പുകളിൽ താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് 20 വർഷത്തിൽ കുറഞ്ഞ കാലയളവാണ് അർഹതാമാനദണ്ഡമെന്നത് പരിശോധിച്ചിട്ടുണ്ടോ;

(ഡി) വനം വകുപ്പ് വാച്ചർമാരുടെ സ്ഥിരപ്പെടുത്തലിന്റെ കാര്യത്തിൽ സേവന കാലയളവ് 10 വർഷമായി കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) 2015-ലെ സ്ഥിരപ്പെടുത്തൽ ഉത്തരവിൽ അർഹരായ പലരെയും ഉൾപ്പെടുത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യത്തിൽ പരാതി ലഭിച്ചിട്ടുണ്ടോ ; ആരെങ്കിലും വിട്ടുപോയിട്ടുണ്ടോയെന്ന് ഡിവിഷൻ തലത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ ;

(എഫ്) സ്ഥിരപ്പെടുത്തുവാൻ അർഹതയുള്ളവരും 2015-ലെ ഉത്തരവിൽ ഉൾപ്പെടാതെപോയതുമായ മുഴുവൻ വാച്ചർമാരെയും സ്ഥിരപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ; ?

ഉത്തരം

(എ) ഉണ്ട്.

(ബി) വനം വകുപ്പിൽ 1-9-2013-ൽ 20 വർഷമോ അതിൽ കൂടുതലോ കാലം താല്ക്കാലികമായി തുടർച്ചയായി ദിവസവേതനത്തിൽ ജോലി ചെയ്യുവരുന്നവരും അവരുടെ സേവനം തുടർന്നും വനംവകുപ്പിന് ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ട വരെയുമാണ് സ്ഥിരനിയമനം നൽകുന്നതിന് പരിഗണിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ല.

(ഡി) പരിഗണനയിലില്ല.

(ഇ) ഉണ്ട്. അന്വേഷണം നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്) പരിശോധിച്ചുവരുന്നു.

വനം വന്യജീവി മേഖലയിൽ വകയിരുത്തിയ 152 കോടി രൂപ

203 (4538) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2015-16 -ലെ ബഡ്ജറ്റ് പ്രസംഗത്തിലെ 86-ാം ഇനമായി വനം-വന്യജീവി മേഖലയിൽ വിവിധ പദ്ധതികൾക്കായി വകയിരുത്തിയിട്ടുള്ള 152 കോടി രൂപ വിനിയോഗിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് രൂപപ്പെടുത്തിയിട്ടുള്ളത് ; വിശദവിവരം നൽകുമോ ?

ഉത്തരം

2015-16-ലെ ബഡ്ജറ്റ് പ്രസംഗത്തിലെ 86-ാം ഇനമായി വനം-വന്യജീവി മേഖലയിൽ വിവിധ പദ്ധതികൾക്കായി വകയിരുത്തിയിട്ടുള്ള 152 കോടി രൂപ വിനിയോഗിക്കുന്നതിന് രൂപപ്പെടുത്തിയിട്ടുള്ള വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

വന്യമൃഗശല്യം

204 (4539) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പുതുക്കാട് മണ്ഡലത്തിൽ വന്യമൃഗ ശല്യം കുറയ്ക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

വന്യമൃഗശല്യം കുറയ്ക്കുന്നതിനായി പുതുക്കാട് മണ്ഡലത്തിൽ ഉൾപ്പെട്ട ശാസ്താംപൂവ്വം ടൈബൽ കോളനിയിൽ 2 കിലോമീറ്റർ ദൂരം സോളാർ ഫെൻസിംഗും, 2014 കാരിക്കടവ് തേക്കുതോട്ടത്തിനു ചുറ്റും 4 കിലോമീറ്റർ ദൂരം സോളാർ ഫെൻസിംഗും ചക്കിപ്പറമ്പ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly